## അദ്ധ്യായം പതിനേഴ്

# ആത്മികവരങ്ങൾ

### (The Gifts of the Spirit)

മനുഷ്യന് പരിശുദ്ധാത്മാവ് അമാനുഷിക കഴിവുകൾ നൽകിയിട്ടു്. ഇതിന് പല ഉദാഹരണങ്ങൾ വേദപുസ്തകത്തിൽ കാണാം. പുതിയ നിയമഭാഷയിൽ ഇതിനെ ആത്മിക വരങ്ങൾ എന്നു പറയുന്നു. ഈ വരങ്ങളെ നേടാൻ മറ്റുവഴികളൊന്നും ഇല്ല. വിശ്വസ്തരായവരെ ദൈവം മാനിക്കുന്നു. ''അല്പത്തിൽ വിശ്വസ്തരായവനെ ദൈവം അധികത്തിലും വിശ്വസ്തനായി എണ്ണുന്നു'' (ലൂക്കോ 16:10). ദൈവത്തിന്റെ മുമ്പിൽ വിശ്വസ്തത തെളിയിക്കപ്പെട്ടവർക്കുദൈവം നൽകുന്ന ദാനമാണ് കൃപാവരങ്ങൾ. വിശുദ്ധിയോടെ പരിശുദ്ധാത്മാവിന് വിധേയപ്പെടുന്ന വ്യക്തികളെ ദൈവം അമാനുഷികമായ ശക്തിനൽകി ദൈവത്തിനായി ഉപയോഗിക്കുന്നു. കഴുതയ്ക്ക് പ്രവചിക്കാനുള്ള ശക്തി നൽകിയ ദൈവത്തിന്; ആരേയും ഉപയോഗിക്കാൻ കഴിയും. പൂർണ്ണമായ പക്വത പ്രാപിക്കുന്നവരെ മാത്രമെ ദൈവം പരിഗണിക്കുകയുള്ളു എന്ന് വ്യവസ്ഥ ഉ ായിരുന്നെങ്കിൽ ദൈവത്തിന് നമ്മെ ആരേയുംഉപയോഗിക്കാൻ കഴിയുകയില്ലായിരുന്നു!

1 കൊരിന്ത്യർ 12ാം അദ്ധ്യായത്തിൽ ആത്മാവിന്റെ ഒൻപത് കൃപാവരങ്ങളെ വിവരിച്ചിരിക്കുന്നു.

> ഒരുത്തന് ആത്മാവിനാൽ ജ്ഞാനത്തിന്റെ വചനവും മറ്റൊരുത്തന് അതേ ആത്മാവിനാൽ പരിജ്ഞാനത്തിന്റെ വചനവും നല്കപ്പെടുന്നു; വേറൊരുത്തന് അതേ ആത്മാവിനാൽ വിശ്വാസം, മറ്റൊരുത്തന് അതേ ആത്മാവിനാൽ രോഗശാന്തികളുടെ വരം മറ്റൊരുവന് വീര്യപ്രവൃത്തികൾ, മറ്റൊരുവന് പ്രവചനം മറ്റൊരുവന് ആത്മാക്കളുടെ വിവേചനം വേറൊരുവന് പലവിധഭാഷകൾ; മറ്റൊരുവന് ഭാഷകളുടെ വ്യാഖ്യാനം (1കൊരി 12:8-10).

ഓരോ വരങ്ങളേയും കൃത്യമായി നിർവചിച്ച് ഉപയോഗിക്കണമെന്ന് നിബന്ധന വച്ചിട്ടില്ല. പഴയനിയമത്തിലെ പ്രവാചകന്മാർ, പുരോഹിതന്മാർ, രാജാക്കന്മാർ, ഇവരെല്ലാം പുതിയ നിയമസഭയിലെ ശുശ്രൂഷകന്മാരെപ്പോലെ കൃപാവരങ്ങളെ നിർവ്വചിക്കുകയോ തരംതിരിച്ച് അറിയുകയോ ചെയ്യാതെതന്നെ ഉപയോഗിച്ചിരുന്നതായി കാണാം. എന്നാൽ പുതിയ നിയമവിശ്വാസികളായ നാം ഈ കൃപാവരങ്ങളെ തരം തിരിച്ചറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതുകൊ് പൗലോസ്

എഴുതി: സഹോദരന്മാരെ, ആത്മവരങ്ങളെക്കുറിച്ചു നിങ്ങൾക്ക് അറിവില്ലാതിരിക്കരുതു എന്നു ഞാൻ ആഗ്രഹിക്കുന്നു (1 കൊരി 12:1).

## ഒൻപത് വരങ്ങൾ തരംതിരിക്കപ്പെട്ടിരിക്കുന്നു
## (The Nine Gifts Categorised)

ആത്മാവിന്റെ വരങ്ങളെ മൂന്നായി തരംതിരിച്ചിരിക്കുന്നു. 1. ആശയവിനിമയം നടത്തുന്നവരങ്ങൾ (Utterance Gifts) ഇതിൽ പ ലവിധഭാഷകൾ, പ്രവചനം, വ്യാഖ്യാനം എന്നിവ ഉൾപ്പെടുന്നു. (2) വെളിപ്പാടിന്റെ വരങ്ങൾ (Revelation gifts), ഇതിൽ ജ്ഞാനം, പരിജ്ഞാനം, വിവേചനം എന്നിവ ഉൾപ്പെടുന്നു (3) ശക്തിയിൻ വരങ്ങൾ (Power gifts) ഇതിൽ വിശ്വാസം, രോഗശാന്തി, വീര്യപ്രവർത്തി എന്നിവ ഉൾപ്പെടുന്നു.

ഒന്നാമത്--ഗൂഢമായതിനെക്കുറിച്ച് പറയുന്നു, രാമത്തേത്--ഗൂഢമായതിനെവെളിപ്പെടുത്തുന്നു, മൂന്നാമത്തേത്--ഗൂഢമായത് ചെയ്യുന്നു. ഈ കൃപാവരങ്ങളെല്ലാം പഴയ ഉടമ്പടിപ്രകാരം വെളിപ്പെട്ടിരുന്നു. എന്നാൽ പലവിധഭാഷകളും വ്യാഖ്യാനങ്ങളും പുതിയ ഉടമ്പടിയുടെ പ്രത്യേകതകളാണ്.

പുതിയനിയമത്തിൽ ശക്തിവരങ്ങൾ (power gifts) ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള ഒരു നിർദ്ദേശവും കാണുന്നില്ല, എന്നാൽ വെളിപ്പാടിൽവരങ്ങളെ (revelation gifts) ഉപയോഗിക്കുന്നതിനെക്കുറിച്ച് അല്പമായ നിർദ്ദേശങ്ങളു്. എന്നാൽ ഭാഷാവരങ്ങളെ (Utterance gifts) ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ പൗലോസ് നൽകുന്നു്. ഇതിന് ര് കാരണങ്ങളു്.

ഒന്ന്, ഭാഷാവരങ്ങൾ കൂട്ടായ്മകളിലാണ് വെളിപ്പെടുന്നത്. എന്നാൽ വെളിപ്പാടിൻവരങ്ങൾ (Revelation gifts) വിരളമായിമാത്രമെ വെളിപ്പെടുന്നുള്ളു, ശക്തിവരങ്ങൾ (power gifts) വളരെ അപൂർവ്വമായിട്ടേ വെളിപ്പെടാറുള്ളു. കൂട്ടായ്മകളിൽ മിക്കപ്പോഴും വെളിപ്പെടുന്ന ഭാഷാവരങ്ങൾ നിർദ്ദേശങ്ങൾക്ക് വിധേയമാണ്.

ര്, ഭാഷാവരം വെളിപ്പെടാൻ കൂട്ടായ്മ അത്യാവശ്യമാണ്, പലപ്പോഴും ഇത് തെറ്റായി കൈകാര്യം ചെയ്യപ്പെടുന്നുമു്. ദുർവിനിയോഗം ചെയ്യപ്പെടാൻ ഏറെ സാധ്യതയുള്ളതാണ് ഈ വരം.

## ആത്മാവ് ഇച്ഛിക്കുന്നതുപോലെ
## (As the Spirit Wills)

വ്യക്തിയുടെ ഇച്ഛ അനുസരിച്ചല്ല, ആത്മാവിന്റെ ഇച്ഛ അനുസരിച്ചാണ് ആത്മിക വരങ്ങൾ ലഭ്യമാകുന്നത്. വേദപുസ്തകം ഇത് വ്യക്തമാക്കുന്നു.

എന്നാൽ ഇത് എല്ലാം പ്രവർത്തിക്കുന്നത് താൻ ഇച്ഛിക്കുംപോലെ അവനവനു അതതുവരം പകുത്തുകൊടുക്കുന്ന ഒരേ ആത്മാവ് തന്നെ (1 കൊരി 12:11).

ദൈവം അത്ഭുതങ്ങളാലും അടയാളങ്ങളാലും വിവിധ വീര്യപ്രവർത്തികളാലും തന്റെ ഇഷ്ടപ്രകാരം പ രിശുദ്ധാത്മാവിനെ നൽകികൊും .... (എബ്രാ 2:4).

ചിലവരങ്ങൾ ചില വ്യക്തികളിലൂടെ പ്രവർത്തിക്കും എന്നാൽ ആ വരം തന്റെ സ്വന്തധനമല്ല. അത്ഭുതം ചെയ്യുവാനുള്ള ഒരു വരം നിങ്ങൾക്കുലഭിച്ചാൽ, നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ ആവരംകൊ് നിങ്ങൾക്ക് എന്നും എപ്പോഴും അത്ഭുതം ചെയ്യാമെന്നു കരുതേ.

ഓരോ വരങ്ങൾക്കും വചനാടിസ്ഥാനത്തിലുള്ള ഉദാഹരണങ്ങൾ നേ ാക്കാം. ദൈവം തന്റെ കൃപയും ശക്തിയും വ്യത്യസ്തമായ രീതിയിൽ വെളിപ്പെടുത്തുന്നു. തന്മൂലം ഓരൊ വരവും നിയുക്തമായ രീതിയിൽ വെളിപ്പെടുമെന്ന് തീരുമാനിച്ചുകൂടാ. വചനത്തിൽ ഈ ഒൻപത് കൃപാവരങ്ങൾക്ക് വ്യക്തമായ നിർവ്വചനം ഇല്ല. എന്നാൽ നാം അവയ്ക്കെല്ലാം പേര് നൽകിയിട്ട്. വചനാടിസ്ഥാനത്തിലുള്ള ഉദാഹരണത്തിന്റെ വെളിച്ചത്തിൽ ഓരൊവരവും നാം നൽകിയ ഏത് പേരുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഊഹിക്കുകയേ നിവൃത്തിയുള്ളു. ഉദാഹരണത്തിന് പരിശുദ്ധാത്മാവ് തന്റെ ശക്തിയെ വ്യത്യസ്തമായ രീതിയിൽ വെളിപ്പെടുത്തുന്നു, അതിനെ വ്യക്തമായ ഒരു നിർവചനത്തിൽ ഒതുക്കാൻ കഴിയുകയില്ല. പലവരങ്ങളുടെ സമ്മിശ്ര രൂപത്തിൽ ഒരു വരം വെളിപ്പെടാം. പൗലോസ് പറയുന്നു:

എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസമു്.ആത്മാവ് ഒന്നത്രേ. ശുശ്രൂഷകളിൽ വ്യത്യാസമു്. കർത്താവ് ഒരുവൻ വീര്യപ്രവൃത്തികളിൽ വ്യത്യാസമു്, എങ്കിലും എല്ലാവരിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നേ. എന്നാൽ ഓരോരുത്തന് ആത്മാവിന്റെ പ്രകാശനം പൊതുപ്രയോജനത്തിനായി നൽകപ്പെടുന്നു (1 കൊരി 12:4–7).

## ശക്തിവരങ്ങൾ
## (The Power Gifts)

### 1) രോഗസൗഖ്യത്തിന്റെ വരങ്ങൾ (The Gifts of Healing)

രോഗികളുടെ സൗഖ്യവുമായി ബന്ധപ്പെട്ടാണ് ഈ വരം പ്രവർത്തിക്കുന്നത്. ശാരീരികസൗഖ്യം നൽകുന്ന ഈ വരത്തെ സംശയിക്കേ കാര്യമില്ല. കഴിഞ്ഞ അദ്ധ്യായത്തിൽ ബേഥെസ്ദാ, കുളക്കടവിൽ കിടന്ന രോഗിയെ യേശു സൗഖ്യമാക്കിയതു നാം കു (യോഹ 5:2–17). വിഗ്രഹാരാധിയായിരുന്ന നയമാന്റെ കുഷ്ടരോഗത്തെ മാറ്റാൻ ദൈവം ഏലിശാ പ്രവാചകനെ ഉപയോഗിച്ചു (2 രാജ 5:1–14).

യേശു പറഞ്ഞു: ഏലിശാ പ്രവാചകന്റെ കാലത്ത് യിസ്രായേലിൽ പല കുഷ്ടരോഗികൾ ഉായിരുന്നു. സുറിയാക്കാരനായ നയമാൻ അല്ലാതെ അവരാരും ശുദ്ധമായില്ല (ലൂക്കോ 4:27). തനിക്ക് തോന്നിയതുപോലെ ഏലിശായ്ക്ക് കുഷ്ടരോഗികളെ സൗഖ്യമാക്കുവാൻ കഴിഞ്ഞില്ല. ദൈവാത്മാവ് കല്പിച്ചതു ഏലിശാ നയമാനോട് പറഞ്ഞു. യോർദ്ദാനിൽ ഏഴുപ്രാവശ്യം മുങ്ങുക – നയമാൻ അതനുസരിച്ചു,അവൻ സൗഖ്യം പ്രാപിച്ചു.

സുന്ദരം എന്ന ദേവാലയഗോപുരത്തിങ്കൽ ഇരുന്ന മുടന്തനെ സൗഖ്യമാക്കാൻ ദൈവം പത്രോസിനെ ഉപയോഗിച്ചു (അപ്ര 3:1–10). രോഗശാന്തി ശുശ്രൂഷയിലൂടെ മുടന്തൻ സൗഖ്യം പ്രാപിക്കുകമാത്രമല്ല ഉായത്, അനേകായിരങ്ങളുടെ ചെവിതുറക്കപ്പെടുകയും പത്രോസിൽ നിന്നും ഒഴുകിവന്ന സുവിശേഷത്തിന്റെ തനിമയിൽ അയ്യായിരം പേർ മാനസാന്തരപ്പെടുകയും. അവർ സഭയോടുചേർക്കപ്പെടുകയും ചെയ്തു. രോഗസൗഖ്യത്തിന്റെ വരം പ്രവർത്തിക്കുമ്പോൾ രുകാര്യങ്ങൾ സംഭവിക്കും. രോഗിക്കുസൗഖ്യം ലഭിക്കുന്നതോടൊപ്പം രക്ഷിക്കപ്പെടാത്തവർ ക്രസ്തുവിങ്കലേക്ക് ആനയിക്കപ്പെടുകയൂം ചെയ്യും.

ചുറ്റും കൂടി നിന്നവരോടു പത്രോസ് പ്രസംഗിച്ചു പറഞ്ഞു.

> യിസ്രായേൽ പുരുഷന്മാരെ, ഇതിങ്കൽ ആശ്ചര്യപ്പെടുന്നത് എന്ത്? ഞങ്ങളുടെ സ്വന്തശക്തികൊാേ, ഭക്തികൊാേ ഇവനെ നടക്കുമാറാക്കി എന്നപോലെ ഞങ്ങളെ ഉറ്റു നോക്കുന്നതും എന്ത്? (അപ്ര 3:12).

പത്രോസ് പറയുന്നു: എന്റെ ശക്തികൊാേ, വിശുദ്ധികൊാേ അല്ല രോഗിക്ക് സൗഖ്യം ലഭിച്ചത്. ദൈവം എന്നെ മുടന്തനെ സൗഖ്യമാക്കാൻ ഉപയോഗിച്ചു എന്നേയുള്ളു. ശ്രദ്ധിക്കണമേ! ഈ അത്ഭുതം നടക്കുന്നതിന് രുമാസം മുമ്പ് പത്രോസ് യേശുവിനെ തള്ളിപ്പറഞ്ഞവനാണ്. ആ പത്രോസിനെക്കൊ് അത്ഭുതം ചെയ്യിക്കുവാൻ ദൈവം അവനെ ഉപയോഗിച്ചു, ദൈവം നമ്മളേയും ഉപയോഗിക്കുവാൻ ശക്തൻ എന്ന് ഇത് വെളിപ്പെടുത്തുന്നു.

രോഗസൗഖ്യത്തിന്റെ ആത്മാവ് വ്യാപരിച്ചതുകൊാണ് മുടന്തന് സൗഖ്യംലഭിച്ചത് എന്നൊന്നും പത്രോസ് കൃപാവരത്തെ പേരുപറഞ്ഞ് തരംതിരിക്കാൻ ശ്രമിച്ചില്ല. പത്രോസിന് അറിയാവുന്നത് ഇത്രമാത്രം – പത്രോസും യോഹന്നാനും നടന്നുപോകുക ആയിരുന്നു. അവിടെ അവർ മുടന്തനെകു. പത്രോസിൽ വിശ്വാസത്തിന്റെ അഭിഷേകം വ്യാപരിച്ചു. യേശുവിന്റെ നാമത്തിൽ സൗഖ്യമാകാൻ കല്പിച്ചു. മുടന്തനെ വലതുകരത്തിൽ പിടിച്ച് എഴുന്നേല്പിച്ചു. ക്ഷണത്തിൽ അവന്റെ കാലും നരിയാണിയും ഉറച്ചു അവൻ കുതിച്ചെഴുന്നേറ്റു നടന്നു; നടന്നും തുള്ളിയും ദൈവത്തെപുകഴ്ത്തിയുംകൊു അവരോടുകൂടെ ദൈവാലയത്തിൽ കടന്നു. പത്രോസ് പറയുന്നു:

> അവന്റെ നാമത്തിലെ വിശ്വാസത്താൽ അവന്റെ നാമം തന്നെ നിങ്ങൾ കാണുകയും അറിയുകയും ചെയ്യുന്നു. ഇവൻ ബലം പ്രാപിപ്പാൻ കാരണമായിത്തീർന്നു. അവൻ മുഖാന്തിരമുള്ള വിശ്വാസം ഇവനു നിങ്ങൾ എല്ലാവരും കാൺകെ ഈ ആരോഗ്യം വരുവാൻ ഹേതുവായ്ത്തീർന്നു (അപ്ര 3:16).

മുടന്തനെ കരം പിടിച്ചുയർത്തി നടക്കാൻ കല്പിക്കണമെങ്കിൽ പ്രത്യേകമായ വിശ്വാസത്തിന്റെ ഒരളവുതന്നെ ആവശ്യമാണ്. രോഗസൗഖ്യം എന്ന കൃപാവരത്തോടൊപ്പം വിശ്വാസം എന്നവരത്തിന്റെ വ്യാപാരം കൂടി ആവശ്യമാണ്.

രോഗശാന്തിവരം ബഹുവചനമാണ് എന്ന് ചിലർ അഭിപ്രായപ്പെടുന്നു (അതായത് രോഗശാന്തിവരങ്ങൾ) കാരണം പല രോഗങ്ങളെ സൗഖ്യമാക്കാൻ പലവിധവരങ്ങൾ ഉന്നെ് അഭിപ്രായപ്പെടുന്നു. രോഗശാന്തിവരപ്രാപ്തന്മാരായ ശുശ്രൂഷകരുടെ ശുശ്രൂഷയിൽ പ്രത്യേകതരം രോഗങ്ങൾ പൂർണ്ണമായി സൗഖ്യമാകുന്നതുകാണാറു്. ഉദാഹരണത്തിന് ഫിലിപ്പോസ് ശമര്യപട്ടണത്തിൽ ശുശ്രൂഷിച്ചപ്പോൾ അനേകം പക്ഷവാതക്കാരും മുടന്തന്മാരും സൗഖ്യം പ്രാപിച്ചു (അപ്ര 8:7). കഴിഞ്ഞ നൂറ്റാിലെ ചില ശുശ്രൂഷകന്മാരുടെ ശുശ്രൂഷയിൽ പ്രത്യേകതരരോഗങ്ങൾ അതായത് അന്ധന്മാർ, ചെകിടന്മാർ, ഹൃദ്രോഗികൾ, മുതലായവർ അത്ഭുതകരമായി സൗഖ്യം പ്രാപിച്ചതായി അറിയാം. പ്രത്യേകതരം രോഗത്തിന്റെ വിടുതലിനുള്ള അഭിഷേകം വ്യാപരിക്കുന്നത് ശ്രദ്ധേയമാണ്.

### 2. **വിശ്വാസമെന്ന വരവും അത്ഭുതവും**
### **(The Gifts of Faith and the Working of Miracles)**

വിശ്വാസത്തിന്റെ വരവും വീര്യപ്രവർത്തികളുടെ വരവും ഒരുമിച്ച് പ്രവർത്തിക്കുന്നവയാണ്. ഇവ രുംചേർന്നു പ്രവർത്തിക്കുന്നതുകൊ്, അഭിഷേകം വ്യാപരിക്കുകയും അസാദ്ധ്യങ്ങൾ സാദ്ധ്യമാകുകയും ചെയ്യുന്നു. ഇവ തമ്മിലുള്ള വ്യത്യാസത്തെ നമുക്ക് നോക്കാം – വിശ്വാസത്തിന്റെ വരം പ്രവർത്തിക്കുന്നതുമൂലം അഭിഷേകം പ്രാപിച്ച വ്യക്തി വിശ്വാസത്തിൽ നിറയുകയും ഒരത്ഭുതം പ്രാപിക്കയും ചെയ്യുന്നു. വീര്യപ്രവർത്തിയുടെ വരംമൂലം, മറ്റൊരു അത്ഭുതം പ്രവർത്തിക്കുവാനുള്ള വിശ്വാസം ലഭിക്കുന്നു.

വിശ്വാസത്തിന്റെ വരത്തെ, പ്രത്യേകവിശ്വാസം (ുലരശമഹ ളമശവേ) എന്നുപറയാറു്, കാരണം സാധാരണ വിശ്വാസത്തെകവിയുന്ന ഒരളവ് വ്യാപരിക്കാറു്. ദൈവത്തിന്റെ വാഗ്ദത്തം കേൾക്കുമ്പോഴു ാകുന്നതാണ് സാധാരണ വിശ്വാസം, എന്നാൽ പ്രത്യേകവിശ്വാസം എന്നത് പരിശുദ്ധാത്മാവിന്റെ വ്യാപാരത്തിന്റെ ഫലമാണ്. ഈ പ്രത്യേക വിശ്വാസം എന്ന കൃപാവരമുള്ളവർക്ക് അസാദ്ധ്യമായതുസാദ്ധ്യമാകും, അവർക്ക് സംശയിക്കാൻ കഴിയുകയേ ഇല്ല. വീര്യപ്രവർത്തികളുടെ കാര്യത്തിലും ഈ തത്വം പ്രായോഗികമാണ്.

ദാനിയേലിന്റെ 3 സുഹൃത്തുക്കളായ ശദ്രക്ക്, മേശക്ക്, അബേദ്-നെഗോ "ഈ പ്രത്യേക വിശ്വാസം" പ്രാപിച്ച് സംശയത്തെ അതിജീവിച്ചവരാണ്. രാജാവിന്റെ ബിംബത്തെ നമസ്കരിക്കാൻ വിസമ്മതിച്ചതുകൊ് തീച്ചൂളയിലേക്ക് എറിയപ്പെട്ട ഈ മൂന്നു എബ്രായ ബാലന്മാരിൽ പ്രവർത്തിച്ചത് ഈ പ്രത്യേക വിശ്വാസ മെന്ന വരമാണ്. തീച്ചൂളയിലേക്കു എറിയപ്പെടുമ്പോൾ അതിനെ അതിജീവിച്ച് നിലനില്കണമെങ്കിൽ സാധാരണവിശ്വാസം പോര. രാജ സന്നിധിയിൽ അവർ കാട്ടിയ ആ വിശ്വാസത്തെ നമുക്കൊന്നുനോക്കാം.

> ശദ്രക്കും, മേശക്കും, അബേദ-നെഗോവും രാജാവിനോട്: നെബുഖദ്നേസരെ, ഈ കാര്യത്തിൽ ഉത്തരം പറവാൻ ആവശ്യമില്ല, ഞങ്ങൾ സേവിക്കുന്ന ദൈവത്തിന് ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽനിന്നും, രാജാവിന്റെ കയ്യിൽനിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല. രാജാവ് നിർത്തിയ സ്വർണ്ണബിംബത്തെ നമസ്കരിക്കയുമില്ല (ദാനി 3:16-18).

അവർ തീച്ചൂളയിലേക്ക് എറിയപ്പെടുന്നതിനുമുമ്പുതന്നെ അവരിൽ വിശ്വാസത്തിന്റെ വരം പ്രവർത്തിച്ചു. ദൈവം അവരെ വിടുവിക്കും എന്നതിനെ ക്കുറിച്ച് അവർക്ക് അല്പം പോലും സംശയം ഉായിരുന്നില്ല.

ആഹാബിന്റെ ഭരണകാലത്ത് യിസ്രായേലിൽ ഉായ മൂന്നര വർഷത്തെ ക്ഷാമകാലത്ത് കാക്കയാൽ പോഷിപ്പിക്കപ്പെട്ട ഏലായാവിൽ ഈ പ്രത്യേക വിശ്വാസവരമാണ് പ്രവർത്തിച്ചത് (2 രാജ 17:1-6). പ്രഭാതത്തിലും പ്രദോഷത്തിലും പക്ഷി ആഹാരം കൊത്തരും എന്നു വിശ്വസിക്കണമെങ്കിൽ സാധാരണവിശ്വാസം പോരാ. കാക്കയെക്കൊ് നിന്നെ ഞാൻ പോഷിപ്പിക്കും എന്ന് വചനത്തിൽ വാഗ്ദത്തം ഇല്ല, എന്നാൽ ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത് എന്നുള്ള വാഗ്ദത്തത്തെ നിലനിർത്താൻ നമുക്ക് സാധാരണവിശ്വാസം മതി (മത്താ 6:25-34).

മോശയുടെ ശുശ്രൂഷയിൽ അത്ഭുതങ്ങളുടെ ഒരു പരമ്പര തന്നെ കാണാം. ചെങ്കടലിനെ പിളർക്കാനും മിസ്രയീംദേശത്ത് ബാധകളെ അയയ്ക്കാനും മോശയിൽ അത്ഭുതശക്തി വ്യാപരിച്ചു (പുറ 14:13-31).

അഞ്ച് അപ്പവും രുമീനും കൊ് അയ്യായിരത്തെ പോഷിപ്പിച്ച യേശുവിലും ഈ അത്ഭുതശക്തിയാണ് വ്യാപരിച്ചത് (മത്താ 14:15-21).

കുപ്രോസ് ദ്വീപിൽ പൗലോസ് ശുശ്രൂഷിക്കുമ്പോൾ ഏലിമാസ് എന്ന വിദ്വാൻ ശുശ്രൂഷക്കുതടസ്സമായി. പൗലോസ് പരിശുദ്ധാത്മപൂർണ്ണനായി അവനെ ശാസിച്ചു. അവൻ അന്ധനായിത്തീർന്നു. ഈ സംഭവവും ആത്മാവിന്റെ അത്ഭുതപ്രവർത്തികളുടെ അടയാളമാണ് (അപ്ര 13:4-12).

## വെളിപ്പാടിൻ വരങ്ങൾ

## (The Revelation Gifts)

### 1. ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റേയും വരം (The word of knowledge and word of wisdom)

ഭൂതവർത്തമാനകാലങ്ങളെക്കുറിച്ചുള്ള വെളിപ്പെടുത്തലാണ് ഈ വരത്തിലൂടെ വെളിപ്പെടുന്നത്. പരിജ്ഞാനത്തിന്റെ സ്രോതസ്സായ ദൈവം ജ്ഞാനത്തിന്റെ ഒരംശം മനുഷ്യനിൽ പകരുന്നു, ഇതാണ് പരിജ്ഞാനത്തിന്റെ വരം, വാക്ക് വാചകത്തിന്റെ ഒരു അംശമാണെന്നു പറയുന്നതുപോലെ, ദൈവിക പരിജ്ഞാനത്തിന്റെ ഒരു ചെറിയ ഭാഗമാണ് ജ്ഞാനം.

ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും വരങ്ങൾ സമാനമാണ് എന്നാൽ പരിജ്ഞാനത്തിന്റെ വരം ഭാവിയിൽ സംഭവിച്ചേക്കാവുന്ന സംഭവങ്ങളുടെ അമാനുഷികമായ വെളിപ്പെടുത്തലാണ്. ജ്ഞാനമെന്നാൽ ഭാവിയെക്കുറിച്ചുള്ള ഒരു പരിഗണനയാണ്. ഈ നിർവ്വചനങ്ങളെല്ലാം സൈദ്ധാന്തികമാണ്.

പരിജ്ഞാനത്തിന്റെ വരത്തെക്കുറിച്ച് പഴയനിയമത്തിൽ പ റഞ്ഞിരിക്കുന്ന ഒരു പരാമർശം നമുക്ക് നോക്കാം. നയമാൻ തന്റെ കുഷ്ടരോഗം മാറിയതിന്റെ പാരിതോഷികമായി ഏലിശയ്ക്ക് നല്ലൊരു തുക വാഗ്ദാനം ചെയ്തു. ഏലിശാ അത് നിഷേധിച്ചു. താൻ ആരാധിച്ചുനിൽക്കുന്ന തന്റെ ദൈവത്തിന് മഹത്വം കൊടുക്കുവാൻ ഏലിശ തീരുമാനിച്ചു. എന്നാൽ ഏലിശായുടെ ബാല്യക്കാരൻ ഗേഹസി, സാമ്പത്തികനേട്ടത്തിനുള്ള ഒരുപാധിയായി ഇതിനെകു. രഹസ്യമായി നയമാനിൽനിന്നു ഗേഹസി ചില പാരിതോഷികവും പണവും കൈപ്പറ്റി. രഹസ്യമായി നേടിയതെല്ലാം ഒളിച്ചുവച്ച ശേഷം ഗേഹസി ഏലിശായുടെ മുമ്പിൽ നിന്നു. അവിടെ നാം വായിക്കുന്നു.

> അപ്പോൾ ഏലിശാ അവനോട്: ഗേഹസിയേ, നീ എവിടെ പോയിരുന്നു എന്നു ചോദിച്ചു. അടിയൻ എങ്ങും പോയില്ല എന്ന് അവൻ പറഞ്ഞു. അതിന് അവൻ: ആ പുരുഷൻ രഥത്തിൽനിന്ന് ഇറങ്ങിനിന്നെ എതിരേറ്റപ്പോൾ എന്റെ ഹൃദയം നിന്നോടുകൂടെ ഉായിരുന്നില്ലയോ? (2 രാജാ: 5:25-26).

ഗേഹസിയുടെ ഹീനപ്രവർത്തികൾ അറിഞ്ഞ ദൈവം അത് ഏലിശയ്ക്ക് വെളിപ്പെടുത്തിക്കൊടുത്തു. എന്നാൽ എപ്പോഴും പരിജ്ഞാന വരത്തിന്റെ വെളിപ്പാട് എലിശയ്ക്ക് ലഭിക്കാറില്ല. അങ്ങനെ വെളിപ്പെടുമായിരുന്നെങ്കിൽ ഗേഹസി ഒരിക്കലും തന്റെ പാപം ഏലിശായിൽനിന്ന് മറച്ചുവയ്ക്കുമായിരുന്നില്ല. ദൈവം വെളിപ്പെടുത്തുന്നത് ഏലിശാ വിളിച്ചുപറയുന്നു. അത്രമാത്രം. ഇവിടെ ഈ വരം പ്രവർത്തിക്കുന്നത് പരിശുദ്ധാത്മാവിന്റെ ഇച്ഛ അനുസരിച്ചാണ്.

ശമര്യാക്കാരിയോടു അവൾക്ക് അഞ്ച് ഭർത്താക്കന്മാരു് എന്ന് യേശു പറഞ്ഞത് യേശുവിൽ വെളിപ്പെട്ട പരിജ്ഞാനത്തിന്റെ വരം ഉപയോഗിച്ചാണ് (യോഹ 4:7-18).

അനന്യാസും സഫീറയും അവരുടെ നിലത്തിന്റെ യഥാർത്ഥ വിറ്റവില മറച്ചുവച്ച് സഭാമദ്ധ്യേ അപ്പോസ്തലന്മാരോടു കളവുപറഞ്ഞപ്പോൾ, പരിശുദ്ധാത്മാവിനോടു വ്യാജം പറഞ്ഞതുകൊ് പ ത്രോസിന്റെ മേൽ അമാനുഷിക ശക്തി കടന്നുവന്നു. പരിജ്ഞാനത്തിന്റെ വരം പത്രോസിലൂടെ സത്യം വെളിപ്പെടുത്തി (അപ്ര 5: 1-11).

ജ്ഞാനത്തിന്റെ വരപ്രാപ്തരായ അനേകപ്രവാചകന്മാരെ പ ഴയനിയമത്തിൽ നമുക്കുകാണാം. ഭാവിയിൽ സംഭവിപ്പാനുള്ളത് അവർ പ റയുമ്പോൾ ജ്ഞാനത്തിന്റെ വരം അവരിൽ വെളിപ്പെടുന്നു. യേശു പ ലപ്പോഴും ഈ വരം ഉപയോഗിച്ചതായി നമുക്ക് കാണാം. യെറുശലേം ദേവാലയത്തിന്റെ നാശം, യേശുവിന്റെ ക്രൂശികരണം, യേശുവിന്റെ ര ാംവരവിനുമുമ്പ് ലോകത്ത ഉാകാൻപോകുന്ന സംഭവങ്ങൾ, ഇതൊക്കേയും യേശു പ്രവചിച്ചിട്ടു് (ലൂക്കോ 1:17; 22-36, 21:6-28).

യോഹന്നാൻ അപ്പോസ്തലന് ന്യായവിധിയേയും ഉൾപ്രാപണത്തെയും കുറിച്ചുള്ള വെളിപ്പാടുകൾ ഈ വരത്തിലൂടെ ലഭിച്ചിട്ടു്. അദ്ദേഹം ആ ദർശനങ്ങളെല്ലാം വെളിപ്പാട് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടു്.

**2) ആത്മാക്കളുടെ വിവേചനം എന്ന വരം (The gift of discerning of spirits)**

ആത്മ മണ്ഡലത്തിൽ സംഭവിക്കുന്ന മാറ്റങ്ങളെ മനസ്സിലാക്കാനുള്ള അമാനുഷികമായ ഒരു കഴിവാണ് ഈ വരം എന്ന് നിർവ്വചിക്കപ്പെട്ടിട്ടു്.

ഒരുവിശ്വാസിയുടെ കണ്ണിലോ മനസ്സിലോ വെളിപ്പെടുന്ന ദർശനത്തെ വിവേചനത്തിന്റെ വരമായി കണക്കാക്കാറു്. ഈ വരം ലഭിച്ചവർക്ക് അപ്പോസ്തലനായ പൗലോസിനെപ്പോലെ ദൂതന്മാരേയും, പിശാചുക്കളേയും, യേശുവിനെത്തന്നെയും നേരിട്ടുകാണുവാൻ കഴിയും (അപ്ര 18:9-10, 22:17-21, 23:11).

ഏലീശായും ബാല്യക്കാരനും ദോഥാനിൽ ആയിരിക്കുമ്പോൾ ആരാം രാജാവിന്റെ സൈന്യം അവരെ വളഞ്ഞു. അവരെ വളഞ്ഞിരിക്കുന്ന സൈന്യത്തെക് ബാല്യക്കാരൻ ഭയന്നുവിറച്ചു.

അപ്പോൾ ഏലിശാ ഉത്തരം പറഞ്ഞു:

> പേടിക്കേ, നമ്മോടുകൂടെയുള്ളവർ അവരോടുകൂടെയുള്ളവരേക്കാൾ അധികം. പിന്നെ ഏലിശാ പ്രാർത്ഥിച്ചു: യഹോവേ, ഇവൻ കാണത്തക്കവണ്ണം ഇവന്റെ കണ്ണുതുറക്കേണമേ. യഹോവ ബാല്യക്കാരന്റെ കണ്ണുതുറന്നു; ഏലിശായുടെ ചുറ്റും അഗ്നിമയമായ

കുതിരകളും രഥങ്ങളും കൊു മലനിറഞ്ഞിരിക്കുന്നതു അവൻ കു (2 രാജ 6:16–17).

അഗ്നിമയരഥങ്ങളിലും അഗ്നിമയകുതിരകളിലുമാണോ ദൂതന്മാർ സഞ്ചരിക്കുന്നത്? ഒരിക്കൽ സ്വർഗ്ഗത്തിൽ അവയെ നമുക്ക് കാണുവാൻ കഴിയും. എന്നാൽ ഏലീശായുടെ ബാല്യക്കാരന് അത് ഭൂമിയിൽ വച്ചുതന്നെ കാണുവാനുള്ള ഭാഗ്യം സിദ്ധിച്ചു.

ഈ വരം ഉള്ളവർക്ക് ഒരുവനിൽ ബാധിച്ചിരിക്കുന്ന പിശാചിനെ വിവേചിച്ചറിയുവാൻ കഴിയും.

ആത്മണ്ഡലത്തെ വിവേചിക്കാനും ആത്മാവിന്റെ ശബ്ദത്തെ വ്യക്തമായി കേൾക്കുവാനും കഴിയും.

അവസാനമായി, എല്ലാവരും കരുതുന്നതുപോലെ ഈ വരം സകലരേയും വിവേചിക്കാനും വിമർശിക്കാനുമുള്ളതല്ല. സത്യത്തിൽ രക്ഷിക്കപ്പെടുന്നതിനുമുമ്പുതന്നെ ഒരുവന് ഈ വിമർശനത്തിന്റെയും വിവേചനത്തിന്റേയും വരമു്. എന്നാൽ രക്ഷിക്കപ്പെടുമ്പോൾ ദൈവം ഒരുവന് വിമർശനത്തിന്റെ അവസ്ഥയിൽനിന്ന് പൂർണ്ണമായ സ്വാതന്ത്ര്യം നൽകുകയാണ്.

## ഭാഷാവരങ്ങൾ
## (The Utterance Gifts)

### 1) പ്രവചനവരം (The gift of prophesy)

ഒരുവന് ലഭിച്ച ദൈവിക വെളിപ്പാട് അമാനുഷികകഴിവുകളോടെ സ്വന്തം ഭാഷയിൽ സംസാരിക്കാനുള്ള കഴിവാണ് പ്രവചനം. ''ദൈവം പറയുന്നു'' എന്ന പ്രസ്താവനയോടെയാണ് പ്രവചനത്തിന്റെ തുടക്കം.

ഉപദേശമോ പ്രസംഗമോ അല്ല ഈ വരത്തിലുടെ വെളിപ്പെടുന്നത്. ദൈവപ്രേരിതമായ ഉപദേശത്തിലും പ്രസംഗത്തിലും പ്രവചനത്തിന്റെ ഒരു മൂലകം ഉായിരിക്കും, അത് പ്രവചനമല്ലെങ്കിലും അതിൽ ആത്മാവിന്റെ അഭിഷേകം ഉായിരിക്കും. അതിശത്കന്മാരായ പ്രസംഗകർ ദൈവിക അരുളപ്പാടുകൾ പ്രസംഗവേളയിൽ പ്രവചനാത്മാവിൽ പ്രസ്താവിക്കാറു്. അത് പ്രവചനമല്ലെങ്കിലും പ്രവചനവുമായി ബന്ധപ്പെട്ടതാണ്.

ആത്മികവർദ്ധന, ആശ്വാസം, പ്രബോധനം ഇതാണ് പ്രവചനത്തിന്റെ ലക്ഷ്യം.

പ്രവചിക്കുന്നവനോ ആത്മീകവർദ്ധനയ്ക്കും പ്രബോധനത്തിനും, ആശ്വാസത്തിനുമായി മനുഷ്യരോടു സംസാരിക്കുന്നു (1 കൊരി 14:3).

പ്രവചനവരത്തിൽ സ്വയമായി വെളിപ്പാടില്ല. ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും വരങ്ങൾ ഒരുമിച്ച് പ്രവർത്തിക്കുന്നതുപോലെ,

സംഭവിച്ചതോ, സംഭവിക്കുന്നതോ സംഭവിക്കാനുള്ളതോ ആയ കാര്യങ്ങൾ പ്രവചനത്തിന്റെ വരം വെളിപ്പെടുത്തുന്നില്ല. വരത്തെ ഒന്നിച്ചു പ്രവർത്തിക്കുന്നതുകൊ് പ്രവചനത്തിന്റെ വരം ജ്ഞാനത്തിന്റയും വിജ്ഞാന ത്തിന്റെയും ഫലം പുറപ്പെടുവിക്കാറു്.

ഭാവി സംഭവങ്ങളെ പ്രതിപാദിക്കുന്ന ഒരു പ്രവചനം ഒരു കൂട്ടായ്മയിൽ വെളിപ്പെട്ടുവരുമ്പോൾ, നാം കേൾക്കുന്നത് പ്രവചനമല്ല, പ്രവചനമെന്ന വരത്തിലൂടെ വെളിപ്പെട്ടുവരുന്ന ജ്ഞാനത്തിന്റെ വചനമാണ്. ദൈവത്തിന്റെ അമിതബലത്തിൽ ശക്തിപ്പെടുവിൻ, ഞാൻ നിന്നെ ഒരിക്കലും കൈവിടുകയില്ല, ഉപേക്ഷിക്കുകയുമില്ല. ഈ വചനത്തിൽ ഒരുവൻ വേദപുസ്തകത്തിൽനിന്നും വായിക്കുന്നതുപോലെ പ്രവചനശബ്ദത്തിൽ മുഴങ്ങിക്കേൾക്കും.

പുതിയനിയമ പ്രവചനത്തിൽ ഒന്നും ''എതിരായി'' ഉാകാൻ പാടില്ല. കാരണം ആത്മികവർദ്ധന, പ്രബോധനം, ആശ്വാസം എന്നിവയാണ് പ്രവചന ത്തിന്റെ ലക്ഷ്യം. അതുകൊ് പുതിയ നിയമപ്രവചനത്തിൽ നിഷേധകമായി ഒന്നും ഉാകാൻ പാടില്ലായെന്ന് ചിലർ കരുതുന്നു, എന്നാൽ അതുശരിയല്ല. തർജ്ജനം ചെയ്യപ്പെടേവൻ പ്രവചനത്തിലൂടെ പ്രോത്സാഹിപ്പിക്കപ്പെട്ടാൽ, ആ പ്രവചനത്തിലൂടെ അവനെ ദൈവത്തേക്കാൾ ഉയർത്തുന്നതിനു സമമാണ്. യോഹന്നാൻ അപ്പോസ്തലനിലൂടെ വെളിപ്പാടുപുസ്തകത്തിൽ കാണുന്ന ഏഴു സഭകൾക്കുള്ള ദൂത് ദൈവീക ശാസനയാണ്. അതു നമുക്ക് ഒഴിവാക്കാൻ കഴിയുമോ? എനിക്കുതോന്നുന്നില്ല.

### 2) വിവിധഭാഷകളുടെയും വ്യാഖ്യാനത്തിന്റെയും വരം (The gift of various kinds of tongues and the interpretation of tongues)

ഭാഷാവരം ലഭിച്ച ഒരു വ്യക്തിക്ക് അമാനുഷികമായ ആ ശക്തിയിലൂടെ തനിക്കുപോലും അജ്ഞാതമായ വിവിധ ഭാഷകൾ സംസാരിക്കാൻ കഴിയും. ഇതിനോടൊപ്പം ഭാഷകളുടെ വ്യാഖ്യാനം എന്ന വരവും ചേർന്നു പ്രവർത്തിക്കുന്നു. അപരിചിതമായ ഒരു ഭാഷ സംസാരിക്കുകയും അതിനെ വ്യാഖ്യാനിക്കുകയും ചെയ്യാനുള്ള അമാനുഷികമായ കഴിവാണ് ഈ വരത്തിലൂടെ ലഭിക്കുന്നത്.

ഈ വരത്തെ ഭാഷകളുടെ വിവർത്തനം എന്നല്ല ഭാഷകളുടെ വ്യാഖ്യാനം എന്നാണ് അറിയപ്പെടുന്നത്. അന്യഭാഷ സംസാരിക്കുന്നതിലൂടെ വാക്യപ്രതിവാക്യവിവർത്തനമല്ല വ്യാഖ്യാനമാണ് ലഭിക്കുന്നത്. അന്യഭാഷയിലൂടെ ലഭിക്കുന്ന ഒരു ചെറിയ സന്ദേശത്തിന് വലിയ വ്യാഖ്യാന ങ്ങൾ ു്.

അന്യഭാഷാവ്യാഖ്യാനം പ്രവചനത്തോടുസമാനതയുള്ളതാണ് ഇതിൽ വെളിപ്പാടല്ല മറിച്ച് ഇതിലൂടെ ആത്മിക വർദ്ധന, പ്രബോധനം,

ആശ്വാസം എന്നിവയാണ് ലഭിക്കുന്നത് 1 കൊരി 14:5 പ്രകാരം അന്യഭാഷയോടു വ്യാഖ്യാനം ചേർത്താൽ അത് പ്രവചനത്തിന് തുല്യമാകും.

> അന്യഭാഷകളിൽ സംസാരിക്കുന്നവൻ സഭയ്ക്ക് ആത്മീക വർദ്ധനലഭിക്കേതിന് വ്യാഖ്യാനിക്കുന്നില്ലെങ്കിൽ പ്രവചിക്കുന്നവർ അവനേക്കാൾ വലിയവൻ (1 കൊരി 14:5).

ശക്തിവരങ്ങൾ (Power gifts) എങ്ങനെ ഉപയോഗിക്കണം എന്നതിനെക്കുറിച്ച് ബൈബിളിൽ ഒരു പ്രതിപാദ്യവുമില്ല. വെളിപ്പാടിൻ വരങ്ങൾ (Revelation gifts) ഉപയോഗിക്കുന്നതിനെക്കുറിച്ച് അല്പം വിവരണം ബൈബിളിൽ ഉ്. എന്നാൽ ഭാഷാവരങ്ങൾ (Utterance gift) എങ്ങനെ പ്രവർത്തിപ്പിക്കണമെന്നതിനെക്കുറിച്ച് ബൈബിളിൽ ധാരാളം നിർദ്ദേശങ്ങൾ ഉ്. കൊരിന്ത് സഭയ്ക്ക് ഈ വരത്തെക്കുറിച്ചുള്ള സംശയത്തെ ദൂരീകരിക്കാൻ പൗലോസ് 1 കൊരി 14 ാം അദ്ധ്യായത്തിൽ പൂർണ്ണമായും ഭാഷാവരങ്ങളെക്കുറിച്ച് വിവരിച്ചിരിക്കുന്നു.

പരിശുദ്ധാത്മാവിനാൽ സ്നാനം ഏല്ക്കപ്പെട്ട ഏതൊരാൾക്കും അന ്യഭാഷയു്. അയാൾക്ക് ഇഷ്ടമുള്ളപ്പോഴൊക്കെ അന്യഭാഷയിൽ സംസാരിക്കുവാനും പ്രാർത്ഥിക്കുവാനും കഴിയും. കൊരിന്തിലെ വിശ്വാസികൾ സഭായോഗത്തിൽ അന്യഭാഷകൾ പറഞ്ഞിരുന്നു, എന്നാൽ പലപ്പോഴും അത് ക്രമം തെറ്റിയതായിരുന്നു.

## ഭാഷകളുടെ വ്യത്യസ്തമായ ഉപയോഗങ്ങൾ
## (The Different Uses of Other Tongues)

അന്യഭാഷകളുടെ പൊതുവായ ഉപയോഗത്തിന്റെയും വ്യക്തിപരമായ ഉപയോഗത്തിന്റെയും വ്യത്യാസങ്ങൾ അറിഞ്ഞിരിക്കണം. ആത്മാഭിഷേകം പ്രാപിച്ച ഒരു വ്യക്തിയ്ക്ക് എപ്പോൾ വേണമെങ്കിലും അന്യഭാഷ സംസാരിക്കാം. പക്ഷേ ഇത് വ്യത്യസ്തമായ ഭാഷകൾ സംസാരിക്കാൻ ദൈവം അവനെ ഉപയോഗിക്കും എന്നതിന്റെ ഉറപ്പല്ല. ഓരോ വിശ്വാസിയുടേയും വ്യക്തിപരമായ ആത്മികജീവിതത്തിന്റെ പ്രാഥമിക പ ങ്കാളിത്തമാണ് അന്യഭാഷാഭാഷണം കൊരിന്ത് സഭയിലുള്ളവർ അവർ കൂടിവരുമ്പോഴെല്ലാം അന്യഭാഷയിൽ സംസാരിക്കുമായിരുന്നു. എന്നാൽ അത് വ്യാഖ്യാനിക്കപ്പെട്ടിരുന്നില്ല. ഇതുമൂലം ആർക്കും ആത്മീക വർദ്ധനലഭിച്ചിരുന്നില്ല (1 കൊരി 14:6-12, 16-19, 23, 26-28).

പൊതുവായും വ്യക്തിപരമായും അന്യഭാഷഉപയോഗിക്കുന്നതിൽ വ്യത്യാസമു്. പൊതുവിൽ ഉപയോഗിക്കുമ്പോൾ അത് പ്രസംഗമായും വ്യക്തിപരമായി ഉപയോഗിക്കുമ്പോൾ അത് പ്രാർത്ഥനയായും ഉപയോഗിക്കപ്പെടും. പൗലോസ് കൊരിന്ത് സഭയ്ക്കെഴുതിയ ലേഖനത്തിന്റെ 14ാം അദ്ധ്യായത്തിൽ ഇവയുടെ ഉപയോഗം വെളിപ്പെടുത്തിയിട്ടു്. എന്നാൽ എ ന്താണ് ഇവതമ്മിലുള്ള വ്യത്യാസം?

നാം അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ആത്മാവ് ദൈവത്തോടുപ്രാർത്ഥിക്കുന്നു. (1കൊരി 14:2,14). എന്നാൽ ഒരുവൻ അഭിഷേകത്തോടെ വിവിധ ഭാഷകളിൽ സംസാരിക്കുമ്പോൾ അത് ദൈവത്തിന് സഭയ്ക്ക് നൽകുവാനുള്ള സന്ദേശമായിത്തിരുന്നു. (1 കൊരി 14:5) അത് വ്യാഖ്യാനത്തിലൂടെ സഭയ്ക്ക് മനസ്സിലാകുന്നു.

നമ്മുടെ ഇഷ്ടപ്രകാരം നമുക്ക് അന്യഭാഷയിൽ സംസാരിക്കാൻ കഴിയും (1കൊരി 14:15) എന്നാൽ മാത്രമേ പരിശുദ്ധാത്മാവിന്റെ ഹിതം അനുസരിച്ചു വിവിധതരം ഭാഷകളുടെ വരം പ്രവർത്തിക്കുകയുള്ളു (1 കൊരി 12:11).

അന്യഭാഷയുടെ വ്യാഖ്യാനത്തോടുചേർന്നുമാത്രമേ വിവിധതരം ഭാഷകളുടെ വരം പ്രവർത്തിക്കുകയുള്ളു. വ്യക്തിപരമായി അന്യഭാഷയിലുള്ള പ്രാർത്ഥനയ്ക്ക് സാധാരണ വ്യാഖ്യാനം പ്രതീക്ഷിക്കുന്നില്ല. പൗലോസ് പറയുന്നു. ഞാൻ അന്യഭാഷയിൽ സംസാരിക്കുന്നു എങ്കിൽ എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു; എന്റെ ബുദ്ധിയോ അഫലമായിരിക്കുന്നു (1 കൊരി 14:14).

ഒരുവൻ അന്യഭാഷയിൽ പ്രാർത്ഥിക്കുമ്പോൾ അവന് മാത്രമേ ആത്മികാഭിവൃത്തി ലഭിക്കുന്നുള്ളു (1 കൊരി 14:14). എന്നാൽ സഭയ്ക്ക് ആത്മികാഭിവൃത്തി ലഭിക്കണമെങ്കിൽ വ്യാഖ്യാനം അത്യാവശ്യമാണ് (1 കൊരി 14:4-5).

ദൈവവുമായിട്ടുള്ള കൂട്ടായ്മ നിലനിർത്താൻ ഒരുവൻ ദിവസവും അന്യഭാഷയിൽ പ്രാർത്ഥിക്കണം. അന്യഭാഷയിൽ പ്രാർത്ഥിക്കുവാൻ ബുദ്ധിമണ്ഡലം ഉപയോഗിക്കപ്പെടുന്നില്ല. അതായത് നിങ്ങൾ ആത്മാവിൽ പ്രാർത്ഥിക്കുമ്പോൾതന്നെ നിങ്ങൾക്ക് പലജോലികളിൽ മുഴുകാൻ കഴിയും. പൗലോസ് കൊരിന്തുസഭയോടുപറഞ്ഞു: നിങ്ങളെല്ലാവരിലും അധികം ഞാൻ അന്യഭാഷകളിൽ സംസാരിക്കുന്നതുകൊ് ഞാൻ ദൈവത്തെ സ്തുതിക്കുന്നു (1 കൊരി 14:18) കൊരിന്തുസഭയിലുള്ള മറ്റാരേക്കാളും കുടുതൽ പൗലോസ് അന്യഭാഷകളിൽ സംസാരിക്കുന്നു.

പൗലോസ് പറയുന്നു: നാം അന്യഭാഷകളിൽ പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തിന് സ്തോത്രം ചൊല്ലുന്നു സത്യം (1 കൊരി 14:16-17). ഞാൻ അന്യഭാഷകളിൽ പ്രാർത്ഥിച്ചപ്പോൾ, ആ ഭാഷ അറിയാവുന്ന ഒരുവൻ എന്നോടോപ്പം ഉായിരുന്നു. എന്റെ പ്രാർത്ഥനയിൽ മൂന്നുപ്രാവശ്യം ഞാൻ ജപ്പാൻ ഭാഷയിൽ പ്രാർത്ഥിച്ചു എന്ന് ആ വ്യക്തി പറഞ്ഞു. ''നീ നല്ലവൻ, നന്ദി, ഞാൻ നിനക്കായി കാത്തിരിക്കുന്നു വേഗം വരേണമേ.'' എന്നൊക്കെ ഞാൻ പ്രാർത്ഥനയിൽ ജപ്പാൻ ഭാഷയിൽ പറഞ്ഞുപോലും! ജാപ്പനീസ് ഭാഷയിൽ ഒരു വാക്കുപോലും എനിക്കറിയില്ല. അങ്ങനെയുള്ള ഞാൻ ജാപ്പനീസ് ഭാഷയിൽ ദൈവത്തിന് സ്തോത്രം ചെയ്തു എന്നത് അതഭൂതകരമല്ലേ?

## അന്യഭാഷ സംസാരിക്കുന്നതിനെക്കുറിച്ച് പൗലോസിന്റെ നിർദ്ദേശങ്ങൾ

## (Paul's Instructions for Speaking in Tongues)

അന്യഭാഷയെക്കുറിച്ച് പൗലോസ് കൊരിന്ത് സഭയ്ക്കുനൽകിയ നിർദ്ദേശങ്ങൾ വളരെ ശ്രദ്ധേയമാണ്. അനേകർ കടന്നുവരുന്ന കൂട്ടായ്മകളിൽ അന്യഭാഷാഭാഷണത്തിന് രണ്ടോ, മൂന്നോ പേർക്കുമാത്രമേ അനുവാദമുണ്ടായിരുന്നുള്ളു. ഓരോരുത്തരും അവരവരുടെ ഊഴത്തിനായി കാത്തിരിക്കേണ്ടതുണ്ടായിരുന്നു (1 കൊരി 14:27).

സഭയിൽ അന്യഭാഷാസന്ദേശം കർശനമായും മൂന്നു പേരിൽ പരിമിതിപ്പെടുത്തിയിരുന്നു എന്നോ മൂന്നുപേരിൽ കൂടുതൽ ആരേയും അതിന് അനുവദിച്ചിരുന്നില്ലാ എന്നോ അല്ല ഇതിന്റെ അർത്ഥം. മൂന്നിലധികം വ്യക്തികളിലൂടെ ദൈവികസന്ദേശം സഭയ്ക്ക് കൈമാറാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നുണ്ടാകാം. പൗലാസിന്റെ നിയമപ്രകാരം ഇതിനെ രണ്ടോ മൂന്നോ എന്ന ക്രമത്തിൽ ഒതുക്കിയാൽ തീർച്ചയായും അത് പരിശുദ്ധാത്മാവിന്റെ വെളിപ്പെടുത്തലിനെ തടസ്സപ്പെടുത്തുകയായിരിക്കും.

ഭാഷയുടെ വ്യാഖ്യാനവും ഇതിനോടുസമാനതയുള്ളതാണ്. അന്യഭാഷയിൽ ലഭിക്കുന്ന സന്ദേശത്തെ ഒന്നിലധികം ആളുകൾ വ്യാഖ്യാനിച്ചേക്കാം, അവരെ വ്യാഖ്യാനികൾ എന്നവിളിക്കുന്നു. (1 കൊരി 14:28). അന്യഭാഷപറയുമ്പോൾ ഒരുവൻ വ്യാഖ്യാനിക്കട്ടെ എന്ന് പൗലോസ് പറയുന്നു (1 കൊരി 14:27). ഒരുവൻ വ്യാഖ്യാനിക്കട്ടെ എന്നു പറയുന്നതുകൊണ്ട് ഒരുവൻ മാത്രം വ്യാഖ്യാനിച്ചാൽ മതിയെന്നല്ല അതിന്റെ അർത്ഥം. ഒരു സന്ദേശത്തെത്തന്നെ അനേകർ ''മത്സരബുദ്ധിയോടെ വ്യാഖ്യാനിക്കരുത്.'' എന്നാണ് പൗലോസ് അർത്ഥമാക്കിയത്. അന്യഭാഷാഭാഷണം ഒരുവൻ വ്യഖ്യാനിച്ചുകഴിഞ്ഞാൽ അതിനെ വേറൊരുവൻ അല്പം കൂടി നന്നായി വ്യാഖ്യാനിക്കുവാൻ കഴിവുള്ളവനാണെങ്കിൽ കൂടി അവനെ അതിന് അനുവദിച്ചിരുന്നില്ല.

ചുരുക്കത്തിൽ എല്ലാം ചന്തമായും ഉചിതമായും ചെയ്യപ്പെടണം. സഭാകൂട്ടായ്മകളിൽ മത്സരബുദ്ധി ഉണ്ടാകാൻ പാടില്ല. കൂടാതെ വിശ്വാസി അവിശ്വാസിയോടു വളരെ ജാഗ്രത പുലർത്തണം. പൗലോസ് എഴുതി:

> സഭ ഒക്കെയും ഒരുമിച്ചുകൂടി എല്ലാവരും അന്യഭാഷകളിൽ സംസാരിക്കുന്നു. എങ്കിൽ ആത്മവരമില്ലാത്തവരോ, അവിശ്വാസികളോ അകത്തുവന്നാൽ നിങ്ങൾക്കു ഭ്രാന്തു് എന്ന് പറയുകയില്ലയോ? (1 കൊരി 14:23).

ഇതായിരുന്നു കൊരിന്ത്സഭയിലെ പ്രശ്നം – അതായത് എല്ലാവരും ഒരുപോലെ അന്യഭാഷപറഞ്ഞു, എന്നാൽ പലപ്പോഴും വ്യാഖ്യാനങ്ങൾ ഉണ്ടായിരുന്നില്ല.

## വെളിപ്പാടിൻ വരങ്ങളെക്കുറിച്ചുള്ള ചില നിർദ്ദേശങ്ങൾ
**(Some Instructions Concerning Revelation Gifts)**

പ്രവാചകന്മാരിലൂടെ വെളിപ്പെട്ടുവന്നിട്ടുള്ള വെളിപ്പാടിൻ വരങ്ങളെക്കുറിച്ചുള്ള ചിലനിർദ്ദേശങ്ങൾ പൗലോസ് നൽകുന്നു.

> പ്രവാചകന്മാർ രുമൂന്നുപേർ സംസാരിക്കുകയും മറ്റുള്ളവർ വിവേചിക്കുകയും ചെയ്യട്ടെ. ഇരിക്കുന്നവനായ മറ്റൊരുവന് വെളിപ്പാടു ായാലോ ഒന്നാമത്തവൻ മിാതിരിക്കട്ടെ. എല്ലാവരും പഠിപ്പാനും എല്ലാവർക്കും പ്രബോധനം ലഭിപ്പാനുമായി നിങ്ങൾക്ക് എല്ലാവർക്കും ഓരോരുത്തനായി പ്രവചിക്കാമല്ലോ. പ്രവാചകരുടെ ആത്മാക്കൾ പ്രവാചകന്മാർക്ക് കീഴടങ്ങിയിരിക്കുന്നു. ദൈവം കലക്കത്തിന്റെ ദൈവമല്ല സമാധാനത്തിന്റെ ദൈവമത്രേ (1 കൊരി 14: 29-33).

കൊരിന്തുസഭയിൽ പ്രവചനത്തിന്റെയും വിവിധ ഭാഷകളുടേയും വരങ്ങൾ വെളിപ്പെട്ടിരുന്നു. ഭാഷകളെ വ്യാഖ്യാനിക്കുന്നവരെ വ്യാഖ്യാനികൾ എന്നും പ്രവചിക്കുന്നവരെ "പ്രവാചകന്മാർ" എന്നും വിളിച്ചിരുന്നു. ഈ പ്രവാചകർ പഴയ നിയമത്തിലെ പ്രവാചകന്മാരെപ്പോലെയോ പുതിയനിയമത്തിലെ അഗബോസിനെപ്പോലെയോ ഉള്ളവർ ആയിരുന്നില്ല (അപ്ര. 11:28, 21:10). ഇവരുടെ പ്രവചനശുശ്രൂഷ അവരുടെ പ്രാദേശിക സഭയിൽതന്നെ ഒതുങ്ങിനിന്നിരുന്നു.

ഇങ്ങനെയുള്ള പ്രവാചകന്മാരുടെ സഭയിലെ പ്രവചനശുശ്രൂഷയെ പൗലോസ് രാേമൂന്നോ ആയി നിജപ്പെടുത്തിയിരുന്നു. ആത്മാവ് സഭയിൽ ആത്മീകദാനങ്ങൾ പകരുമ്പോൾ, അനേകർക്ക് ആ ദാന ങ്ങൾ ലഭിക്കാം. പ്രവാചകന്മാരിലൂടെ പരിശുദ്ധാത്മാവ് ചെയ്യുന്നത് സഭയ്ക്ക് പൂർണ്ണമായി അനുഭവിക്കുവാൻ ഇത് സഹായിക്കും.

മൂന്നിലധികം പ്രവാചകന്മാർ ഒരു കൂട്ടായ്മയിലുങ്കെിൽ, ആ മൂന്നു പേർ പ്രവചിക്കട്ടെ ബാക്കിയുള്ള പ്രവാചകന്മാർ മദ്ധ്യസ്തരാകട്ടെ. ഇത് അവർക്ക് പ്രവചിക്കാനുള്ള കഴിവുകളെ വിവേചിക്കാനും ആത്മാവിൽ വിധേയപ്പെട്ട വരങ്ങളെ പ്രാപിക്കാനും ഇടയാക്കുന്നതായിരിക്കും.

എല്ലാവരും പഠിപ്പാനും എല്ലാവർക്കും പ്രബോധനം ലഭിപ്പാനുമായി നിങ്ങൾക്ക് എല്ലാവർക്കും ഓരോരുത്തനായി പ്രവചിക്കാമല്ലോ (1 കൊരി 14:31). പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്ക് കീഴടങ്ങിയിരിക്കുന്നു (1 കൊരി 14:32) ഒരു പ്രവാചകൻ മറ്റൊരു പ്രവാചകന് കീഴടങ്ങിയിരിക്കണം അതായത് ഒരാൾ പ്രവചിക്കുമ്പോൾ മറ്റൊരുവൻ പ്രവചിക്കുന്നവനെ തടസ്സപ്പെടുത്താതിരിക്കട്ടെ. ഒരു കൂട്ടായ്മയിൽ സന്നിഹിതരായിരിക്കുന്ന പലർക്കും ആത്മാവ് പ്രവചനവരം ദാനമായി നൽകാം. എന്നാൽ ഈ പ്രവചനം അഥവാ വെളിപ്പാട് സഭയ്ക്ക് പ

ങ്കുവെയ്ക്കുമ്പോൾ പ്രവാചകൻ പൂർണ്ണമായും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലായിരിക്കണം.

ഒരു വിശ്വാസിയിലൂടെ വെളിപ്പെട്ടുവരുന്ന ഭാഷാവരങ്ങളും ഇതുപോലെയാണ്. ഒരുവന് ഭാഷകളോ, പ്രവചനമൊ ദൈവത്തിൽനിന്നും ലഭിച്ചാൽ, കൂട്ടായ്മയിൽ അതുവെളിപ്പെടുത്താൻ നിർദ്ദിഷ്ടസമയം ഉ ്.അതുവരെ കാത്തിരിക്കേതാണ്. സഭയിൽ ഒരുവൻ ഉപദേശിക്കുകയോ, പ്രവചിക്കുകയോ ചെയ്യുമ്പോൾ അതിനെ തടസ്സപ്പെടുത്തി നിങ്ങൾ പ്രവചനശുശ്രൂഷ ചെയ്യരുത്. നിങ്ങൾക്ക് ഒരോരുത്തർക്കായി പ്രവചിക്കാമല്ലോ? (1 കൊരി 14:31).

പൗലോസ് ഇത് സാന്ദർഭികമായി പറഞ്ഞതാണ്. എന്നാൽ ചിലർ പൗലോസിന്റെ ഈ പ്രസ്താവനയെ സന്ദർഭത്തിന് വിരുദ്ധമായി, ഏതുവിശ്വാസിക്കും ഏതുകൂട്ടായ്മയിലും എപ്പോൾ വേണമെങ്കിലും പ്രവചിക്കാമെന്ന് തെറ്റിദ്ധരിച്ചിരിക്കുന്നു. പ്രവചനത്തിന്റെ വരം പ രിശുദ്ധാത്മാവിന്റെ ഇച്ഛ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്.

ഇന്ന് സഭക്ക് പ് ഉായിരുന്നതിനേക്കാൾ പരിശുദ്ധാത്മാവിന്റെ സഹായം, ശക്തി, സാന്നിദ്ധ്യം,കൃപകൾ എന്നിവ അത്യാവശ്യമാണ്. കൊരി ന്തിലെ വിശ്വാസികളോടു പൗലോസ് പറഞ്ഞത് ശ്രദ്ധിക്കുക: ആത്മികവരങ്ങളും വിശേഷാൽ പ്രവചനവരവും വാഞ്ചിപ്പിൻ (1 കൊരി 14:1). നമ്മുടെ ത്ല്പര്യം അനുസരിച്ചാണ് നമ്മളിൽ ആത്മികവരം വെളിപ്പെടുന്നത്. ദൈവത്താൽ ഉപയോഗിക്കപ്പെടണമെന്ന് കാംക്ഷിക്കുന്ന ഏതൊരു ശുശ്രൂഷകനും, തന്റെ ശുശ്രൂഷകരേയും ആത്മീകവരങ്ങൾ പ്രാപിക്കാൻ ദാഹമുള്ളവരാക്കിമാറ്റണം, അതിനായി അവരെ ഉപദേശിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.